പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2392

12.06.2018 - ൽ മറുപടിക്ക്.

# വ്യവസായ വികസനത്തിന് നടപ്പിലാക്കിയ പരിപാടികൾ

ചോദ്യം
ശ്രീ. റോജി എം. ജോൺ

മറുപടി
ശ്രീ. എ. സി. മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).

| | |
|---|---|
| (എ) മുൻ സർക്കാരിന്റെ കാലത്ത് വ്യവസായ വികസനം സാധ്യമാക്കുന്നതിനും നിക്ഷേപ സാധ്യതകൾ ഉയർത്തി കൊണ്ടുവരുന്നതിനും നടപ്പിലാക്കിയ പരിപാടികൾ എന്തൊക്കെയായിരുന്നു ; | (എ) : മുൻ സർക്കാരിന്റെ കാലത്ത് വ്യവസായ വികസനം സാധ്യമാക്കുന്നതിനും നിക്ഷേപ സാധ്യതകൾ ഉയർത്തി കൊണ്ടു വരുന്നതിനും വേണ്ടി നടപ്പിലാക്കിയ പരിപാടികൾ താഴെപ്പറയുന്നു :<br>യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദ്യഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി ക്ലബ്ബ്) പ്രവർത്തിച്ച് വരുന്നു. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ്പ് ഡവലപ്പ്മെന്റ് (KIED) വഴി ക്ലബ്ബ് അംഗങ്ങൾക്കും കോ-ഓർഡിനേറ്റർമാർക്കും പരിശീലന പരിപാടികൾ നടത്തി വരുന്നു.<br>ഒരേ തരത്തിലുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുകയും ഒരു പ്രദേശത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന വ്യവസായ സംരംഭങ്ങൾക്ക് സഹായമായ വിധത്തിൽ കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുക എന്ന മുഖ്യ ലക്ഷ്യത്തോടെ ക്ലസ്റ്റർ ഡവലപ്പ്മെന്റ് പ്രോഗ്രാം പദ്ധതി നടപ്പാക്കി വരുന്നു. വ്യവസായ വകുപ്പിൽ നിലവിലുണ്ടായിരുന്ന ചില പദ്ധതികളെ സംയോജിപ്പിച്ചു കൊണ്ട് സംരംഭകത്വ സഹായ പദ്ധതി നടപ്പിലാക്കി. നിലവിലുള്ള വ്യവസായ വികസന ഏരിയകളുടെയും പ്ലോട്ടുകളുടെയും പശ്ചാത്തല വികസനത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി.<br>കുറഞ്ഞ ഭൂവിസ്തൃതിയിൽ കൂടുതൽ വ്യവസായ യൂണിറ്റുകളെ ഉൾക്കൊള്ളുന്നതിനായി ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണവും നടപ്പിലാ |

ക്കിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ എടയാറിൽ ഒരു ബഹുനില വ്യവസായ സമുച്ചയത്തിന്റെ പണി പൂർത്തിയാക്കുകയും ചെയ്തു.

വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനും ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പരിപാടി, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡവലപ്പ്മെന്റ് പ്രോഗ്രാം, ബോധ വത്കരണ ക്ലാസ്സുകൾ, നിക്ഷേപകരുടെ മേളകൾ, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ ഉത്പന്ന വിപണന മേളകൾ, മെഷീനറി പ്രദർശനം, ഊർജിത വ്യവസായവത്കരണ പദ്ധതി എന്നിവ നടത്തിയിട്ടുണ്ട്. മലബാർ ക്രാഫ്റ്റ് മേള, ദേശീയ അന്തർദേശീയ മേളകളിൽ പങ്കെടുക്കുന്നതിനുള്ള പദ്ധതി, സൂക്ഷ്മ-ചെറുകിട-ഇടത്തര സംരംഭകർക്ക് നൽകുന്ന അവാർഡുകൾ ബി.2ബി മീറ്റ് തുടങ്ങിയവയും മറ്റ് ചില പദ്ധതികളാണ്.

2012-ൽ *വ്യവസായ സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം* എന്ന പദ്ധതിയും, 2015-16-ൽ *പരമ്പരാഗത മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ* എന്ന പദ്ധതിയും ആവിഷ്കരിച്ചിരുന്നു.

2012 സെപ്റ്റംബർ മുതൽ 2014 വരെ എമർജിങ് കേരള സംഗമം കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടത്തിയിരുന്നു.

| | | |
|---|---|---|
| (ബി) | എമർജിംഗ് കേരള 2012-ൽ എത്ര പദ്ധതി നിർദ്ദേശങ്ങൾ ലഭിച്ചിരുന്നുവെന്നും അതിൽ എത്ര ഉകയുള്ള പദ്ധതികൾ ആരംഭിക്കുവാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ : | (ബി) : എമർജിംഗ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് ലഭിച്ചത്. ഇതിൽ 56 പദ്ധതികൾ ഇപ്പോൾ നിലവിലുണ്ട്. വ്യവസായ വകുപ്പിന്റെ കീഴിലുള്ള 14 പദ്ധതികളിൽ 6 പദ്ധതികൾ പൂർത്തിയായി. പൂർത്തിയായ പദ്ധതികളുടെ ആകെ നിക്ഷേപം 19040 കോടി രൂപയാണ്. |
| (സി) | മുൻ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പിന്റെ കീഴിൽ ആരംഭിച്ച പദ്ധതികളിലൂടെ എത്ര കോടി രൂപയുടെ നിക്ഷേപം കൊണ്ടു വരുവാൻ സാധിച്ചു ? | (സി) : മുൻ സർക്കാരിന്റെ കാലത്ത് 8651 കോടി രൂപയുടെ നിക്ഷേപം വന്നു. |

സെക്ഷൻ ഓഫീസർ.